**20U449** (Pages: 2) Name: ..................................

Reg.No: ..................................

**FOURTH SEMESTER B.A. DEGREE EXAMINATION, APRIL 2022**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL4 B05 - പ്രാചീന മദ്ധ്യകാല മലയാള കവിത**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 4

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. എഴുത്തച്ഛന്റെ രചനാകാലത്തെക്കുറിച്ചുള്ള സൂചനകൾ എന്തെല്ലാം?
2. ഇടനാടൻപാട്ടുകൾ എന്നറിയപ്പെടുന്ന പാട്ടുകൾ ഏതെല്ലാം
3. മലയാളത്തിലെ പാട്ട് പ്രസ്ഥാനത്തിൽ ഉൾപ്പെടുത്താവുന്ന നാല് കൃതികളുടെ പേര് എഴുതുക.
4. ചിറകുകൾപണ്ടറുത്തുമലകുലത്തിനൊരിണ്ടൽ ചെയ്താൻ - പുരാവൃത്തസൂചന എന്ത്?
5. ജാതീയതയെ അപഹസിക്കുന്ന നാടൻപാട്ടുകൾ പരിചയപ്പെടുത്തുക.
6. മലയാളത്തിലെ പ്രധാന സന്ദേശകാവ്യങ്ങൾ ഏതെല്ലാം?
7. പൂങ്കാവിന് തഴുകിവരുന്ന ഇളംകാറ്റ് നായകനെ വേദനിപ്പിക്കാൻ കാരണമെന്ത്?
8. ചിത്തേ പോന്നിങ്ങുദിച്ചു പുതിയൊരു പരമാനന്ദപീയൂഷധാര – ചമ്പൂകാരന്റെ സന്തോഷം ഏതുപോലെയായിരുന്നു?
9. കൃഷ്ണഗാഥയുടെ രചനയുമായി ബന്ധപ്പെട്ട ഐതിഹ്യം എന്ത്?
10. ' ദോഷ ഗ്രാഹികളില്ലാതുള്ളൊരു / ദോഷജ്ഞൻമാരുടെ സഭ തുച്ഛം' _ വിവക്ഷ എന്ത്?
11. ഭക്തി പ്രധാനവിഷയമാകുന്ന മലയാളത്തിലെ കൃതികൾ ഏതെല്ലാം?
12. കേരളത്തിലെ ആഖ്യാന ഗാനങ്ങളെ ദേശപരമായി വർഗ്ഗീകരിക്കുന്നതെങ്ങനെ?
13. നാടോടി സാഹിത്യത്തെ പ്രാദേശികമായി വിഭജിക്കുന്നത് എങ്ങനെയെല്ലാം?
14. മോയിൻകുട്ടി വൈദ്യരുടെ പ്രധാനപ്പെട്ട കൃതികൾ ഏതെല്ലാം?
15. ഇരവിക്കുട്ടിപ്പിള്ള പോരിലെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. പുരുഷഭേദനിരാസം എന്നാലെന്ത്?

17. ആറു നയങ്ങളിൽ ഏതെല്ലാം മയ്യത്തിന് രാമചരിതത്തിൽ പ്രസക്തിയുള്ളത്?

18. ഭാഷാനൈഷധം ചമ്പുവിലെ ആദ്യ ഗദ്യത്തിലെ ഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

19. സംസ്കൃതസാഹിത്യത്തിന്റെ സ്വാധീനം പാട്ടുകൃതികളിൽ പ്രതിഫലിക്കുന്നത് എങ്ങനെ?

20. കിളിപ്പാട്ട് പ്രസ്ഥാനം- പരിചയപ്പെടുത്തുക

21. " നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ/ ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും" സന്ദർഭവും സാരസ്യം വും വ്യക്തമാക്കുക.

22. അനുഷ്ഠാനത്തിന് ആഖ്യാന രൂപമാണ് തോറ്റംപാട്ടുകൾ- വിശദമാക്കുക.

23. കേരളത്തിലെ സാമുദായികഗാനങ്ങളെ പരിചയപ്പെടുത്തുക.

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യ ചരിത്രങ്ങളെ പരിചയപ്പെടുത്തുക.

25. മലയാളത്തിലെ മണിപ്രവാള സാഹിത്യത്തിലെ സാമാന്യ സ്വഭാവം പാഠഭാഗങ്ങളെ മുൻനിർത്തി വിലയിരുത്തുക.

26. മഹാഭാരതകഥ നമ്മെ എത്തിക്കുന്നത് ഒരു വിഷാദ ദർശനത്തിലേക്കാണ് - പാഠഭാഗം ആസ്പദമാക്കി വിശകലനം ചെയ്യുക.

27. കേരളത്തിലെ വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട നാടൻപാട്ടുകളുടെ ഭാഷാപരമായ സവിശേഷതകൾ ചർച്ച ചെയ്യുക.

**(2 × 10 = 20 Marks)**

*******